# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 4128/11/12/2023/** TVM

പരാതികക്ഷി : നിഷാദ്.എൻ,അയ്യം കോണം വയലരികത്ത് വീട്, പേഴുംമൂട്,പൂവച്ചൽ,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 27.04.2024**

കേരളാ സ്റ്റേറ്റ് വഖഫ് ബോർഡ് തിരുവനന്തപുരം ഡിവിഷണൽ ഓഫീസിൽ ഡ്രൈവർ കം അറ്റൻഡർ തസ്തികയിലേയ്ക്ക് എംപ്ലോയ്മെൻറ് ഓഫീസ് മുഖാന്തിരം പരാതിക്കാരനെ ശുപാർശ ചെയ്യുകയും ആയതിൻെറ അടിസ്ഥാനത്തിൽ 18.04.2023 തീയതി കൂടിക്കാഴ്ച നടത്തിയിരുന്നതായും, പ്രസ്തുത കൂടിക്കാഴ്ചയിൽ ടിയാൻ മാത്രമെ പങ്കെടുത്തിരുന്നുള്ളൂവെന്നും, ഇൻറർവ്യൂവിൽ ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറയുകയും, തിരുവനന്തപുരം ആർ.ടി.ഒ യുടെ സാന്നിദ്ധ്യത്തിൽ ശരിയായ രീതിയിൽ വാഹനം ഓടിച്ചു കാണിച്ചിരുന്നുവെന്നും, എന്നാൽ ദിവസ കൂലിയായി ജോലി ചെയ്തുകൊണ്ടിരുന്ന ഒരാളെ നിലനിർത്താൻ വേണ്ടി തനിക്ക് ജോലി നിഷേധിച്ചതായും മറ്റും കാണിച്ചാണ് ഈ പരാതി.

പരാതിയിലെ ആരോപണങ്ങളെ കുറിച്ച് കേരള സംസ്ഥാന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരന് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് ആർ.ടി.ഒ യുടെ സേവനം തേടിയിട്ടുള്ളതു പ്രകാരം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഡ്രൈവിംഗ് ടെസ്റ്റ് നടത്തി റിസൽറ്റ് ലഭ്യമാക്കിയിട്ടുള്ളതുമാണെന്നും, തുടർന്ന് അന്നേദിവസം ഡിവിഷണൽ ഓഫീസർ മുമ്പാകെ നടത്തിയ അഭിമുഖത്തിൽ എസ്.എസ്.എൽ.സി ബുക്ക്, പ്ലസ് ടു സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, ആധാർകാർഡ്, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിരുന്നതായും, ആയത് പരിശോധിച്ചതിൽ നിന്നും ടിയാൻെറ വീട്ടു മേൽവിലാസത്തിലല്ല ആധാർ രേഖയുള്ളതെന്ന് കണ്ടിട്ടുള്ളതെന്നും, ആധാർ കാർഡിൽ ടിയാൻ സമർപ്പിച്ച എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിലെ സ്ഥാപനത്തിലെ മേൽവിലാസമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ടി രേഖയിൽ ആധാർ അനുവദിച്ച തീയതിയായി 28.05.2013 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ടിയാൻ സമർപ്പിച്ച 'കൊറിയർ ലൈൻ ട്രാവൽ കൺസൽട്ടൻസ്' എന്ന സ്ഥാപനത്തിലെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിൽ 01.01.2018 മുതൽ സേവനം തുടങ്ങിയതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ടി വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടതിനാൽ ടിയാൻ തിരുവനന്തപുരം ഡിവിഷണൽ ഓഫീസിൽ 20.04.2022 ൽ നടത്തിയ അഭിമുഖത്തിൽ

ഹാജരാക്കിയ രേഖകളും മറ്റും പരിശോധിച്ചതിൽ ടി സമയത്ത് ഹാജരാക്കിയ ഇതേ സ്ഥാപനത്തിൽ 'കൊറിയർ ലൈൻ ട്രാവൽ കൺസൽട്ടൻസ്' നിന്നുള്ള പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിൽ 15.01.2014 മുതൽ 23.12.2019 വരെ ജോലി ചെയ്തതായിട്ടാണ് കാണിച്ചിട്ടുള്ളതെന്നും, ടി രണ്ട് സർട്ടിഫിക്കറ്റിലും ജോലി ചെയ്തിട്ടുള്ള കാലയളവിൽ വൈരുദ്ധ്യം കാണുന്നതായും, ടിയാൻ രണ്ട് അഭിമുഖ വേളയിലും സമർപ്പിച്ച പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിൻെറ ആധികാരികത സംശയം ഉളവാക്കുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

കൂടാതെ ഇൻറർവ്യൂ സമയത്ത് ടിയാൻ താമസിക്കുന്ന സ്ഥലത്തു നിന്നും തിരുവനന്തപുരം ഡിവിഷണൽ ഓഫീസിലേയ്ക്ക് 25 കി.മീ ദൂരം വരുമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും, എന്നാൽ ടിയാൻ ഈ ഓഫീസിൽ ദിവസ വേതനത്തിന് ഡ്രൈവർ തസ്തികയിലേയ്ക്ക് അയച്ച അപേക്ഷ പ്രകാരം ടിയാൻ 2 കി.മീ ദൂര പരിധിയിലാണ് താമസിക്കുന്നതെന്ന് അറിയിച്ചിട്ടുള്ളതും ഇക്കാര്യങ്ങളിലും വൈരുദ്ധ്യമുള്ളതിനാലും, ഒരേ സ്ഥാപനത്തിൽ നിന്നും ടിയാൻ വ്യത്യസ്ഥമായ കാലയളവിൽ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളത് നിയമപരമല്ലാത്തതിനാലും ടിയാനെ ഡ്രൈവർ കം അറ്റൻറർ ജോലിക്ക് നിയമിക്കുന്നത് അഭികാമ്യമല്ലാത്തതിനാൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും കൂടുതൽ പേരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണെന്ന് കാണിച്ച് ഡിവിഷണൽ വഖഫ് ഓഫീസർ ചീഫ് എക്സിക്യുട്ടീവ് ഓഫീസർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുതാണെന്നും, തുടർന്ന് 27.05.2023 തീയതി ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതുമാണെന്നും, പരാതിക്കാരനെ അഭിമുഖത്തിന് മികവ് പുലർത്തിയിട്ടില്ലാത്തതിനാൽ ടിയാനെ മേൽ തസ്തികയിൽ പരിഗണിച്ചിട്ടില്ലായെന്ന് കാണിച്ച് അറിയിപ്പ് നൽകിയിട്ടുള്ളതുമാണെന്നും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതികക്ഷി അഭിമുഖ സമയത്ത് ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റിൻെറ ആധികാരികത സംശയമുളവാക്കുന്നതായും, കൂടാതെ അഭിമുഖത്തിൽ മികവ് പുലർത്തിയിട്ടില്ലായെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നു. പരാതിക്കാരൻെറ മനുഷ്യാവകാശം എതിർകക്ഷികൾ ലംഘിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ പരാതിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ